pro@uoc ac in

universityofcalicutofficial

01
ചൊവ്വ
സെപ്റ്റംബർ 2026
Volume: 04 Issue: 133

# സിയു വാർത്ത

Weekly E Paper of University of Calicut

കാലിക്കറ്റ് സർവകലാശാലാ പബ്ലിക് റിലേഷൻസ് വിഭാഗം പ്രസിദ്ധീകരണം

## സർവകലാശാലാ യൂണിയൻ സത്യപ്രതിജ്ഞ ചെയ്തു



**കാലിക്കറ്റ് സർവകലാശാലാ യൂണിയന്റെ 2025–26 അധ്യയന വർഷത്തേക്കുള്ള ഭാരവാഹികൾ പ്രോ–വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി. റഷീദ് അഹമ്മദ്, വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി. രവീന്ദ്രൻ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ ഡീൻ ഡോ. കെ. ഫസലുറഹ്മാൻ എന്നിവർക്കൊപ്പം**

കാലിക്കറ്റ് സർവകലാശാലാ യൂണിയന്റെ 2025–26 അധ്യയന വർഷത്തേക്കുള്ള ഭാരവാഹികൾ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി. രവീന്ദ്രന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. വൈസ് ചാൻസലർ യൂണിയൻ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ചടങ്ങിൽ പ്രോ–വൈസ് ചാൻസലർ പ്രൊഫ. (ഡോ) പി. റഷീദ് അഹമ്മദ് സന്നിഹിതനായിരുന്നു. സിൻഡിക്കേറ്റംഗങ്ങളായ എം. അഹമ്മദ് കബീർ, ഡോ. ലക്ഷ്മി ആർ. ചന്ദ്രൻ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ ഡീൻ ഡോ. കെ. ഫസലുറഹ്മാൻ എന്നിവർ പങ്കെടുത്തു.

ചെയർപേഴ്സണായി കെ.വി. അഹദ് സമാൻ (എ.ഡബ്ല്യൂ.എച്ച്. കോളേജ് ഓഫ് എജ്യുക്കേഷൻ, ചെറുവണ്ണൂർ), വൈസ് ചെയർപേഴ്സണായി എ.കെ. ഫഹദ് (മേപ്പയൂർ സലഫി കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ, പയ്യോളി അങ്ങാടി), വൈസ് ചെയർപേഴ്സൺ ലേഡിയായി ആർ. നീരജ (ഐ.എസ്.എസ്. കോളേജ് ഓഫ് ടീച്ചർ എജ്യുക്കേഷൻ, പെരിന്തൽമണ്ണ), സെക്രട്ടറിയായി മുഹമ്മദ് ഷാനിഫ് (എം.ഇ.എസ്. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, ചാത്തമംഗലം), ജോയിന്റ് സെക്രട്ടറിയായി അഭിന്യ ബിജു (ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്) എന്നിവർ ചുമതലയേറ്റു.

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി പാലക്കാട് ജില്ലയിൽ നിന്ന് പി. അർപ്പിത (യുവക്ഷേത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, മുണ്ടൂർ), കോഴിക്കോട് ജില്ലയിൽ നിന്ന് ഫാദിൽ ഹമീദ് (ബൈത്തുൽ ഇസ ആർട്സ് ആൻഡ് സയൻസ് കോളേജ്, നരിക്കുനി), മലപ്പുറം ജില്ലയിൽ നിന്ന് കെ.സി. അബ്ദുൽ വാജിദ് (എം.എം.ഇ.എ. ട്രെയിനിങ് കോളേജ്, കൊണ്ടോട്ടി), തൃശ്ശൂർ ജില്ലയിൽ നിന്ന് ദേവപ്രസാദ് എസ്. മേനോൻ (ഗവ. ലോ കോളേജ്, തൃശ്ശൂർ), വയനാട് ജില്ലയിൽ നിന്ന് ആർ. അജേഷ് (സെന്റർ ഫോർ പി.ജി. സ്റ്റഡീസ് ഇൻ സോഷ്യൽ വർക്ക്, സുൽത്താൻബത്തേരി) എന്നിവരും സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.



**കാലിക്കറ്റ് സർവകലാശാല ആസ്ഥാനത്ത് നടന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ പ്രോ–വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി. റഷീദ് അഹമ്മദ് ദേശീയപതാക ഉയർത്തുന്നു.**

## അന്തർ കലാലയ മത്സരങ്ങൾക്ക് വേദിയായി



**കാലിക്കറ്റ് സർവകലാശാലയുടെ 2026 – 2027 അധ്യയന വർഷത്തെ അന്തർ കലാലയ മത്സരങ്ങൾക്കുള്ള ഫിക്സ്ചർ മീറ്റിംഗ് രജിസ്ട്രാർ ഡോ. സി.ഡി. സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു**

കാലിക്കറ്റ് സർവകലാശാലയുടെ 2026–2027 അധ്യയന വർഷത്തെ അന്തർ കലാലയ മത്സരങ്ങൾക്ക് വേദിയായി. ചൊവ്വാഴ്ച സർവകലാശാലാ സെമിനാർ കോംപ്ലക്സിൽ നടന്ന ഫിക്സ്ചർ മീറ്റിംഗിലാണ് തീരുമാനമായത്. ചടങ്ങ് രജിസ്ട്രാർ ഡോ. സി.ഡി. സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. സർവകലാശാലയുടെ കായിക വികസനത്തിന് വേണ്ട എല്ലാ സഹായവും നൽകുമെന്ന് അദ്ദേഹം ഉറപ്പുനൽകി. നിലവിലെ സിന്തറ്റിക്ക് ട്രാക്കിൻ്റെയും ഇൻഡോർ സ്റ്റേഡിയങ്ങളുടെയും നവീകരണത്തിന് മുൻഗണന നൽകുമെന്നും രജിസ്ട്രാർ പറഞ്ഞു. സിൻഡിക്കേറ്റംഗം മധു രാമനാട്ടുകര അധ്യക്ഷത വഹിച്ചു. കായിക പഠന വകുപ്പ് ഡയറക്ടർ ഡോ. വി.പി. സക്കീർ ഹുസൈൻ, എസ്.എൻ. ഓപ്പൺ സർവകലാശാലാ സെനറ്റംഗം ഡോ. സി. രാജേഷ്, ഡോ. കെ.പി. മനോജ്, ഡോ. ജി. ബിപിൻ, ഡോ. ജയകുമാർ എന്നിവർ സംസാരിച്ചു.

## ഓൺലൈൻ എം.ബി.എ.

കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻ്റ് ഓൺലൈൻ എഡ്യൂക്കേഷനിൽ (സി.ഡി.ഒ.ഇ.) യു.ജി.സി. അംഗീകൃത ഓൺലൈൻ എം.ബി.എ. (ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്) പ്രോഗ്രാം (2026 ആഗസ്റ്റ് സെഷൻ) ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. ക്ലാസുകൾ, തുടർച്ചയായ മൂല്യനിർണയം, സെമസ്റ്റർ അവസാന പരീക്ഷകൾ എന്നിവ ഉൾപ്പെടെയുള്ള അക്കാദമിക പ്രവർത്തനങ്ങൾ പൂർണമായും ഓൺലൈനായി നടത്തും. വിദ്യാർഥികൾക്കും ജോലി ചെയ്യുന്നവർക്കും മുതിർന്ന പൗരന്മാർക്കും പ്രവേശനം നേടാം. പ്രായപരിധിയില്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0494 2407356, 2660600. ഇ – മെയിൽ: cdoeonline@uoc.ac.in വെബ്സൈറ്റ്: cdoe.uoc.ac.in




Published by the Public Relations Wing, University of Calicut, on behalf of Registrar University of Calicut | Content Editor: Shri. Ashitha VA | DTP: Shri. Abay Dev P | Design: Shri. Rizvan Ameer EK | Private Circulation Only